**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2252** **30-07-2021 - ൽ മറുപടിയ്ക്ക്**

**ഏറനാട് മണ്ഡലത്തിലെ മൈനോറിറ്റി കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മൈനോറിറ്റി കുടിവെള്ള പദ്ധതി പ്രകാരം ഏറനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ആയത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണെന്നും വ്യക്തമാക്കുമോ; | (എ) | മൈനോരിട്ടി കുടിവെള്ള പദ്ധതി എന്നൊരു പദ്ധതി വാട്ടർ അതോറിറ്റിക്കില്ല. മൈനോരിട്ടി വെൽഫയർ ഡിപ്പാർട്ട്മെന്റ് മുഖേന ഭരണാനുമതി നൽകിയ തുക ഉപയോഗിച്ച് ഏറനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾക്ക് കൃത്യമായ മോണിറ്ററിംഗ് നടത്താത്തതാണ് സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിയ്ക്കാത്തതിന് കാരണമെന്ന കാര്യം ഗൗരവമായി കണ്ട് ഈ പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (ബി) | കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ കുടിവെള്ള പദ്ധതികളും കൃത്യമായ മോണിറ്ററിങ് നടത്താനായി PASKഎന്ന സോഫ്റ്റ്വെയർ  നടപ്പിലാക്കിയിട്ടുണ്ട്. കാലതാമസം നേരിട്ട പദ്ധതികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരാറുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ഏറനാട് മണ്ഡലത്തിൽ മൈനോറിറ്റി പദ്ധതികളിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ലിസ്റ്റ് താഴെ കൊടുത്തിരിക്കുന്നു. | | | | |
|---|---|---|---|---|
| **ക്രമ നം** | **പ്രവൃത്തിയുടെ പേര്** | **ഭരണാനുമതി തുക (ലക്ഷത്തിൽ)** | **ഭരണാനുമതി ലഭിച്ച വർഷം** | **നിലവിലെ അവസ്ഥ** |
| 1 | കാവനൂർ പഞ്ചായത്തിലെ പുല്ലഞ്ചേരി പാറമ്മൽ കുടിവെള്ള പദ്ധതി | 15.00 | 2014-15 | പൂർത്തീകരിച്ചു |
| 2 | എടവണ്ണ പഞ്ചായത്തിലെ പൊന്നാംകുന്ന് കുടിവെള്ള പദ്ധതി | 20.00 | 2015-16 | പൂർത്തീകരിച്ചു |
| 3 | മൈനോറിറ്റി- ഊർങ്ങാട്ടിരി പഞ്ചായത്തിലെ വടക്കുമുറി ചീടിപ്പാറ -വാർഡ് 17 കുടിവെള്ള പദ്ധതി | 25.00 | 2016-17 | സ്ഥലം ലഭ്യമായിട്ടില്ല, പ്രവൃത്തി റദ്ദ് ചെയ്തു |
| 4 | മൈനോറിറ്റി- കീഴുപറമ്പ പഞ്ചായത്തിലെ കുമ്പാറ ഭാഗം -വാർഡ് 7 കുടിവെള്ള പദ്ധതി | 37.80 | 2017-18 | പൂർത്തീകരിച്ചു |
| 5 | മൈനോറിറ്റി- ഊർങ്ങാട്ടിരി പഞ്ചായത്തിലെ ചുണ്ടത്ത്പൊയിൽ വിലയാട് ഭാഗം-വാർഡ് 1 കുടിവെള്ള പദ്ധതി | 19.00 | 2018-19 | പ്രവൃത്തി പുരോഗമിക്കുന്നു . |
| 6 | മൈനോറിറ്റി- അരീക്കോട് പഞ്ചായത്തിലെ തടത്തിൽ മേലെ ചൊവ്വയിൽ ഭാഗം വാർഡ് 4 കുടിവെള്ള പദ്ധതി | 10.00 | 2018-19 | പൂർത്തീകരിച്ചു |
| 7 | മൈനോറിറ്റി- കീഴുപറമ്പ പഞ്ചായത്തിലെ പാട്ടക്കൽ കാരപറമ്പ ഭാഗം കുടിവെള്ള പദ്ധതി | 15.00 | 2018-19 | പൂർത്തീകരിച്ചു |
| 8 | മൈനോറിറ്റി- കീഴുപറമ്പ പഞ്ചായത്തിലെ വാർഡ് 4& 11 ഭാഗങ്ങളിലേയ്ക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി | 11.60 | 2020-21 | പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്. |

ക്രമ നം. 3- ഊർങ്ങാട്ടിരി പഞ്ചായത്തിലെ വാർഡ് നം. 17 ലെ വടക്കുമുറി- ചീടിപ്പാറ കുടിവെള്ള പദ്ധതിക്കായി നിർദേശിക്കപ്പെട്ട സ്ഥലത്ത് സ്രോതസ്സിന്റെ പ്രവൃത്തി പൊതുജനങ്ങളുടെ എതിർപ്പ് മൂലം ആരംഭിക്കാൻ സാധിച്ചിട്ടില്ല. അനുയോജ്യമായ മറ്റൊരു സ്ഥലം പഞ്ചായത്ത് ലഭ്യമാക്കാത്തതിനാൽ പ്രവൃത്തി റദ്ദ് ചെയ്തിട്ടുണ്ട്.

ക്രമ നം. 8- കീഴുപറമ്പ പഞ്ചായത്തിലെ വാർഡ് 4& 11 ഭാഗങ്ങളിലേയ്ക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിക്കായി പ്രവൃത്തി ഉത്തരവ് നൽകി. പ്രവൃത്തി ആരംഭിക്കാനുള്ള നടപടി സ്വീകരിച്ച് വരുന്നു.